പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4168 — 25-06-2014 - ൽ മറുപടിയ്ക്ക്

## കണ്ണൂർ ജില്ലയിൽ പുഴകളും തോടുകളും നികത്തുന്നതിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു: | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ പലയിടങ്ങളിലും ചെറുതോടുകൾ, പുഴകൾ എന്നിവ സ്വകാര്യവ്യക്തികൾ കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കക്കാട് പുഴയുടെ ജില്ലാ ആസ്ഥാനത്തോടടുത്തഭാഗം പൂർണ്ണമായി മണ്ണിട്ട് നികത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) എങ്കിൽ എന്തുനടപടിയാണ് ഇതിനെതിരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ? | (സി) കക്കാട് പുഴ കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കണ്ണൂർ ജില്ലാ കലക്ടർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ജലസേചന വകുപ്പിന്റെ പരിധിയിൽപെട്ട കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിൽ മീൻകുഴി അണക്കെട്ടിന്റെ കൊങ്കോട്ടുവയൽ കനാൽ ഏകദേശം 300 മീറ്റർ നീളത്തിൽ സ്വകാര്യ വ്യക്തി കയ്യേറി മണ്ണിട്ട് നികത്തിയിരുന്നു. ഈ വിഷയത്തിൽ കുറ്റവാളികളെ കണ്ടെത്താനുള്ള നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. കാലവർഷം തുടങ്ങിയതിനാൽ വെള്ളം കെട്ടി നിന്ന് അവിടെയുള്ള നെൽകൃഷിക്കും മറ്റ് വിളകൾക്കും നാശ നഷ്ടം സംഭവിക്കാതിരിക്കാൻ കനാലിൽ നിക്ഷേപിച്ച മണ്ണ് ജലസേചന വകുപ്പിൻെറ നേതൃത്വത്തിൽ എടുത്തുമാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.